# സംസ്ഥാന ചരക്ക്സേവന നികുതി വകുപ്പ്

ടാക്സ് ടവർ ,കരമന
കിള്ളിപ്പാലം, തിരുവനന്തപുരം

## 12 കോടിയുടെ നികുതിവെട്ടിപ്പ്, രണ്ടുപേര് അറസ്റ്റിൽ

തിരുവനന്തപുരം: ഇല്ലാത്ത ചരക്ക് നീക്കത്തിന്റെ പേരിൽ വ്യാജ രേഖകൾ ഉണ്ടാക്കി 12 കോടിയിൽ പരം രൂപയുടെ നികുതി വെട്ടിപ്പ് നടത്തിയ കേസിൽ സംസ്ഥാന ജി.എസ്.ടിയുടെ ഇൻവെസ്റ്റിഗേഷൻ ബ്രാഞ്ച് കോട്ടയം യൂണിറ്റ് പെരുമ്പാവൂർ സ്വദേശികളായ രണ്ടുപേരെ അറസ്റ്റ് ചെയ്തു. പെരുമ്പാവൂർ സ്വദേശികളായ പുലവത്ത് വീട്ടിൽ ഉസ്മാൻ മകൻ അസർ അലി, മാടവന വീട്ടിൽ അബ്ദുൽ കരീം മകൻ റിൻഷാദ് എന്നിവരെയാണ് ജി.എസ്.ടി നിയമം 69 വകുപ്പ് പ്രകാരം അറസ്റ്റു ചെയ്തത്. 2022 ജൂൺ മാസം മൂന്നാം തീയതി ഇവരുടെ ഭവനങ്ങളിലും സ്ഥാപനങ്ങളിലും ജി.എസ്.ടി വകുപ്പ് റെയ്ഡ് നടത്തിയിരുന്നു. അതിനെ തുടർന്ന് പ്രതികൾ രണ്ടുപേരും ഒളിവിൽ ആയിരുന്നു. നിരവധി തവണ ഹാജരാകാനായി സമൻസ് കൊടുത്തിട്ടും പ്രതികൾ ഹാജറായില്ല.

ജൂൺ മാസം ഇരുപതാം തീയതി സായുധ പോലീസിന്റെ സഹായത്തോടെ പെരുമ്പാവൂരിലും പരിസരപ്രദേശങ്ങളിലും പ്രതികൾക്കായി വ്യാപക തിരച്ചിൽ നടത്തിയിരുന്നു. ഒളിവിലായിരുന്ന പ്രതികൾ ഹൈക്കോടതിയിൽ മുൻകൂർ ജാമ്യ അപേക്ഷ നൽകിയിരുന്നെങ്കിലും കോടതി ആയത് തള്ളുകയായിരുന്നു. ആക്രിയുടെ മറവിൽ വ്യാജ

ബില്ലുകൾ നിർമ്മിച്ച് നികുതി വെട്ടിപ്പ് ശൃംഖല ഉണ്ടാക്കിയാണ് പ്രതികൾ 12 കോടിയിൽപരം രൂപയുടെ വെട്ടിപ്പ് നടത്തിയത്. പ്രതികൾക്കായി കഴിഞ്ഞ അഞ്ചുമാസമായി ജി .എസ്. ടി വകുപ്പ് നിരന്തരമായ അന്വേഷണം നടത്തി വരികയായിരുന്നു. ഒടുവിൽ ഇടപ്പള്ളിയിലെ ലുലു മാളിന് സമീപം പ്രതികൾ ഉണ്ടെന്ന് വിവരം കിട്ടിയതിനെ തുടർന്നാണ് രഹസ്യമായി അവിടെ എത്തിയ ജി.എസ്.ടി ഉദ്യോഗസ്ഥർ പ്രതികളെ പിടികൂടിയത്. അറസ്റ്റ് രേഖപ്പെടുത്തിയ പ്രതികളെ റിമാൻഡ് ചെയ്യുന്നതിനായി എറണാകുളത്ത് സാമ്പത്തിക കുറ്റകൃത്യങ്ങൾ  വിചാരണ ചെയ്യുന്ന കോടതിയിൽ  ഹാജരാക്കി. അഞ്ചുവർഷം വരെ കഠിന തടവും പിഴയും കിട്ടാവുന്ന കുറ്റങ്ങളാണ് ജി .എസ് .ടി നിയമപ്രകാരം പ്രതികൾ ചെയ്തിരിക്കുന്നത്.

അന്വേഷണ സംഘത്തിൽ സ്റ്റേറ്റ് ടാക്സ് ഓഫീസർ ആയ ശ്രീ അരവിന്ദ് സി.ജി, അസിസ്റ്റന്റ് സ്റ്റേറ്റ് ടാക്സ് ഓഫീസർമാരായ വിനോദ്, അഭിലാഷ്, അനീഷ്, രഹന, സിന്ധു, ജീവനക്കാരനായ ബൈജു ജോസഫ് എന്നിവർ ഉൾപ്പെട്ടിരുന്നു. അന്വേഷണങ്ങൾക്ക് ഡെപ്യൂട്ടി കമ്മീഷണർ (ഐ.ബി) ശ്രീ. ജോൺസൺ ചാക്കോ നേതൃത്വം നൽകി.